# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 15/11/13

## (11 MUHARRAM 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

**"എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കും അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ അതുകൊണ്ട് അവൻ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ അവൻ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി"** (2:18)

കഴിഞ്ഞയാഴ്ചയിലെ വിഷയത്തിലേക്കു മടങ്ങുന്നതിനു മുമ്പ് പരിശുദ്ധ മുഹർറം മാസത്തെക്കുറിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ അല്ലാഹു(ത) വിശുദ്ധ ഖുർആനിൽ നാലു പരിശുദ്ധമാസങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഹദീസിലും ഇതു സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. മുഹർറം, റജബ്, ദുൽഖഅ്ദ്, ദുൽഹജ്ജ്. പരിശുദ്ധ റമദാൻ മാസത്തിന്റെ പ്രാധാന്യം ഖുർആൻ വിവരിക്കുന്നത് ഇതിനുപുറമേയാണ്.

മുഹർറം ഇസ്‌ലാമികകലണ്ടറിലെ ആദ്യത്തെ മാസമാണ്. അനുഗ്രഹങ്ങൾ കൊണ്ട് നിറഞ്ഞ മാസം ഹസ്രത്തമൂസാ(അ) ശത്രുക്കൾക്കെതിരിൽ വിജയം വരിച്ച ആഷൂറാദിനം, അല്ലാഹു(ത) വിന്റെ ഭക്തദാസർക്കു കൈവരുന്ന വിജയങ്ങളെ പ്രതിനിധീകരിക്കുന്നു . തിരുനബി(സ) യുടെ കാലത്തെ യഹൂദന്മാർ ആ ദിവസം നോമ്പനുഷ്ടിക്കാറുണ്ടായിരുന്നു. ആ ദിനത്തിന്റെ പ്രാധാന്യത്തെപ്പറ്റി നബി (സ) അവരോട് അന്വേഷിച്ചു. യഹൂദന്മാർ പ്രാധാന്യം വിശദമാക്കി. **അപ്പോൾ നബി(സ) തന്റെ സഹാബത്തിനോട് പറയുകയുണ്ടായി യഹൂദന്മാരെക്കാൾ ഏറെ അവകാശവും ബന്ധുത്വവും ഹസ്രത്ത് മൂസ(അ) മേൽ മുസ്‌ലിംകൾക്കുണ്ടെന്ന്. അങ്ങനെ മുസ്‌ലിംകളും ആ ദിവസം നോമ്പനുഷ്ഠിക്കാൻ തുടങ്ങി (ബുഖാരി & മുസ്‌ലിം)**

പിന്നീട് അല്ലാഹു(ത) റമദാൻ മാസത്തിലെ നോമ്പനുഷ്ഠാനം നിർബന്ധമാക്കിയപ്പോൾ ആഷൂറാദിനത്തിലെ നോമ്പ് അനുവദനീയമായി തുടർന്നു. താല്പര്യമുള്ളവർക്ക് അനുഷ്ഠിക്കുന്നതിനുവേണ്ടി.

ആഷൂറാദിനം (മുഹർറം - 10 - ാം തീയതി), തിരുനബി യുടെ പൗത്രനും ഹസ്രത്ത് അലി(റ) യുടെയും ഫാത്തിമ(റ) യുടെയും പുത്രനുമായിരുന്ന ഇമാം ഹുസൈന്റെ രക്തസാക്ഷിത്വത്തിന്റെ ദുഃഖിപ്പിക്കുന്ന സ്മരണകർ ഉയർത്തുന്ന ദിവസം കൂടിയാണ്. ഇമാംഹുസൈൻ (റ) ന്റെ രക്തസാക്ഷിത്വത്തിൽ തെളിഞ്ഞു നില്ക്കുന്നത് അല്ലാഹുവിന്റെ യഥാർത്ഥ ഭക്തദാസരുടെ നിശ്ചയദാർഢ്യമാണ്. ഇസ്‌ലാമിനും അതിന്റെ താല്പര്യങ്ങൾക്കും ഹാനിയുണ്ടാക്കുന്ന ഛിദ്രശക്തികളേയും സ്വേച്ഛാധിപതികളേയും എതിർത്തു തോല്പിക്കാനുള്ള ശ്രമത്തിൽ കീഴടങ്ങാൻ വിസമ്മതിച്ച ആർജവം, നബികരിം (സ) ന് അല്ലാഹു (ത) ഈ ഭൂമിയിൽ നല്കിയ രണ്ടു പൂക്കളിൽ ഒന്നായിരുന്നു ഹസ്രത്ത് ഇമാംഹുസൈൻ (റ). അദ്ദേഹത്തിന്റെ ജേഷ്ടൻ ഇമാം ഹസൻ (റ) ആയിരുന്നു മറ്റൊരു പൂവ്.

രണ്ടുപേരുടെയും സ്വഭാവവൈശിഷ്ട്യംഅവരുടെ മാതാമഹൻ തിരുനബിയുടെതു പോലെയായിരുന്നു. തങ്ങളുടെ ജീവിതംകൊണ്ട്, ഇസ്‌ലാമിനെ അവർ, ശത്രുക്കർക്കെതിരിൽ പ്രതിരോധിച്ചു. തങ്ങളുടെ മുഴുവൻ അസ്ഥിത്വത്തേയും അവർ ഇസ്‌ലാമിക മാർഗ്ഗത്തിൽ ത്യാഗം ചെയ്തു. ഭൂമിയിൽനിന്ന് തിന്മയുടെ വിവിധ അവതാരങ്ങളെ ഇല്ലായ്മ ചെയ്യാൻ അവർ തങ്ങളെത്തന്നെയും കുടുംബാംഗങ്ങളേയും അനുചരവൃന്ദത്തെയും, കൈവശമുള്ള വസ്തുവകകളേയും എല്ലാം, അവർ ത്യാഗം ചെയ്തു.

അവർ നല്കിയ പാഠങ്ങൾ ഇന്നത്തെ മുസ്‌ലിംകൾക്ക് ഒരു പാഠമാകേണ്ടതാണ്. സ്വർഗ്ഗത്തിലെ യുവാക്കളുടെ നേതാക്കളും തിരുനബി(സ) യുടെ വാത്സല്യഭാജനങ്ങളും ആയിരുന്ന ഈ രണ്ടു നേതാക്കളോടും ഉള്ള തങ്ങളുടെ മതിപ്പും സ്നേഹവും പ്രഖ്യാപിക്കുന്ന ഒരുപാട് പേർ ലോകത്തുണ്ട്. അവർക്ക് ശരിക്കും സ്നേഹവും ബഹുമാനവും തിരുനബിയോടും അവിടുത്തെ പൗത്രന്മാരോടും ഉണ്ടെങ്കിൽ, ഇസ്‌ലാമിക കല്പനകളോട് അനുസരണം പുലർത്തുകയാണ് വേണ്ടത്. തിരുനബിയും പൗത്രന്മാരും സഹാബാക്കളും കാട്ടി

യതുപോലെ അവർ തങ്ങളെപ്പറ്റി മുസ്ലീകർ ആണെന്ന് പറയുകമാത്രമല്ല ചെയ്തത്, തങ്ങളുടെ പ്രവർത്തികളിലൂടെയും ത്യാഗങ്ങളിലൂടെയും അവരത് തെളിയിച്ചു. ശത്രുക്കൾക്കെതിരിൽ ഇസ്‌ലാമിനെ വിജയിപ്പിക്കുവാൻ നടത്തിയ ഐതികാസികപോരാട്ടങ്ങളിൽ അവർ വിജയശ്രീലാളിതരായി. അല്ലാഹു (ത) വിന്റെ ശാശ്വത സ്നേഹവും തൃപ്തിയും അവർക്ക് വരദാനമായി ലഭിച്ചു. ഇസ്‌ലാം അവരുടെ രക്ഷാകർത്തൃത്വത്തിലായിരുന്നപ്പോൾ തങ്ങളുടെ അവസാനശ്വാസം വരെ അവർ അതിന്റെ സംരക്ഷണത്തിനായി പോരാടി.

അല്ലാഹുവിലും അവന്റെ ദൂതന്മാരിലും നമ്മൾ വിശ്വസിക്കുന്നുവെന്ന് പറയുന്നതും, നമ്മുടെ വിശ്വാസത്തിന്മേൽ പ്രവർത്തിക്കുന്നതും രണ്ടു വ്യത്യസ്തകാര്യങ്ങളാണ്. അതുകൊണ്ട് നമ്മൾ അല്ലാഹുവിനോട് ഒരുപാട് പ്രവർത്തിക്കണം. നമ്മുടെ പ്രാർത്ഥനകൾ കേൾക്കപ്പെടും എന്ന ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥിക്കുക. നമ്മുടെ കാലഘട്ടം ഏറെ ദിവ്യാനുഗ്രഹങ്ങൾ ഇറക്കപ്പെടുന്ന അസാധാരണ സമയമാണ്. ഈ വിനീതനെ അല്ലാഹുവിന്റെ ഖലീഫയായി ഇപ്പോൾ അയച്ചിരിക്കുന്നു. എല്ലാ പ്രവാചകന്മാരുടെയും പ്രതിനിധിയായി നിങ്ങളുടെ ജീവിതകാലത്തു തന്നെ ഒരു ദൂതനെ അല്ലാഹു (ത) നിങ്ങൾക്കിടയിൽ ഇറക്കിയിരിക്കുന്നു. അവൻ അവതരിപ്പിക്കുന്ന കല്പനകൾ അനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുന്നതിനുവേണ്ടി.

നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനേയും അനുസരിച്ച് പ്രവർത്തിക്കുന്നതായാൽ, അവൻ നിങ്ങളുടെ വഴികൾ എളുപ്പമാക്കും, ഈ ലോകത്തും പരലോകത്തും. അല്ലാഹുവിനെയും അവൻ തെരഞ്ഞെടുത്ത്, അനുഗ്രഹിച്ച് അയക്കുന്ന ദൂതരെയും- തിരുനബി(സ)യേയും നബിയുടെ അനുഗ്രഹീതരായ കുടുംബാംഗങ്ങൾ, അനുചരന്മാർ, ദൂതരെ സ്നേഹിക്കുകയും യഥാർത്ഥവിശ്വാസികളായി തുടരുകയും ചെയ്തവർ, ഇവരെയൊക്കെ സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുന്നവർക്ക് ഇത് ത്യാഗത്തിന്റെ കാലമാണ്.

കാലചക്രം ഒന്ന് തിരിയുകയും അല്ലാഹുവിന്റെ പ്രവാചകന്മാരുടേയും മറ്റു തെരഞ്ഞെടുക്കപ്പെട്ടവരുടെയും ഒപ്പം പ്രവർത്തിയ്ക്കാനും യുദ്ധങ്ങളിൽ പങ്കെടുക്കാനും കഴിയണമെന്ന് നിങ്ങൾ എപ്പോഴെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ ? അല്ലാഹു (ത) ഈ കാലഘട്ടത്തിൽ, അതിനുള്ള അവസരം നിങ്ങൾക്കായ് നല്കിയിരിക്കുന്നു. മുന്നോട്ടു വരാനുള്ള ധൈര്യം നിങ്ങൾക്കുണ്ടോ ? ലോകത്തിന്റെ നാലുകോണുകളിലും ദൈവത്തിന്റെ ഏകത്വം പ്രഖ്യാപിക്കാനും നീതിപുലർത്തുന്നതിനായ് വിശ്വാസത്തിന്റെ വാൾ ചുഴറ്റി സാക്ഷ്യം വഹിക്കാനും നിങ്ങൾ തയ്യാറാകുമോ ? ഒരു ചെറിയ ഇമാം ഹുസൈൻ ആയിത്തീരാൻ താങ്കൾ തയ്യാറാണോ ? അല്ലാഹുവിനും അവന്റെ ദൂതനും വേണ്ടി, തന്റെ മാതാമഹൻ ഏല്പിച്ചുപോയ ഇസ്‌ലാം എന്ന അമാനത്തിന്റെ സംരക്ഷണാർത്ഥം തന്റെ സർവ്വസ്വവും ഈ ലോകത്ത് ത്യജിച്ചു, ജീവൻ വരെ തൃണവല്ഗണിക്കാൻ സന്നദ്ധത കാട്ടിയ ഇമാം ഹുസൈനെ പോലെയാകാൻ നിങ്ങൾ തയ്യാറുകുമോ ?

ഹസനേയും ഹുസൈനേയും സ്നേഹിക്കുന്നവരെ ! അവസരം നിങ്ങൾക്കാണ്. വേദനകൾ ശരീരത്തിൽ ഏല്പിച്ചുകൊണ്ട് സ്നേഹം തെളിയിക്കാൻ ആവശ്യപ്പെടുന്നില്ല. നിങ്ങളുടെ തന്നെ Ego - യെ കീഴടക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. അല്ലാഹു (ത) വിന്റെ ഏകത്വത്തിൽ അടിയുറച്ച് വിശ്വസിക്കുക, നില്ക്കുക, പ്രവർത്തിക്കുക - നിങ്ങളുടെ ദുഃഖങ്ങൾ അല്ലാഹു (ത) വിനെ മാത്രം അറിയിക്കുക, ഇടനിലക്കാരായി ശുപാർശ ചെയ്യാൻ സൂഫിമാരേയും ദർഗ്ഗകളേയും ആശ്രയിക്കുന്ന പതിവ് ഉപേക്ഷിച്ച്, അല്ലാഹുവിൽ മാത്രം അഭയംതേടുക. യഥാർത്ഥമായ തൗഹീദ് ആണ് അല്ലാഹു (ത) ഇഷ്ടപ്പെടുന്നത്. യഥാർത്ഥത്തിലുള്ള സ്നേഹവും വിശ്വാസവും അല്ലാഹുവിനോടുണ്ടെന്ന് നിങ്ങൾപറയുന്നു നബീകരിം (സ) തങ്ങളും അവിടുത്തെ പൗത്രന്മാരും തങ്ങളുടെ ജീവനും സ്വത്തും നല്കി സ്ഥാപിച്ച ഇസ്‌ലാമിന്റെ പുനരുജ്ജീവനുവേണ്ടി നിങ്ങൾ ഈ യുദ്ധത്തിനായ് മുന്നോട്ടു വരില്ലേ ?

അതുകൊണ്ട്, പ്രിയ സഹോദരന്മാരേ, സഹോദരിമാരേ, നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യ - ലക്ഷ്യങ്ങളെപ്പറ്റി, ഈ മാസത്തിൽ, നാം ആഴത്തിൽ ചിന്തിക്കണം. നമുക്ക് എങ്ങനെ നല്ല മുസ്ലീംകൾ ആകാമെന്നും അല്ലാഹുവിലേക്ക് എങ്ങനെ സാമീപ്യം നേടാമെന്നും ആലോചിക്കാം. അല്ലാഹുവിന്റെ സാമീപ്യത്തിനുള്ള വഴി പ്രാർത്ഥനകളാണ്.

ഞാൻ കഴിഞ്ഞ ഖുത്തുബയിൽ സൂചിപ്പിച്ചതു പോലെ, അല്ലാഹു (ത) വിൽ പരിപൂർണ്ണ വിശ്വാസം ഉറപ്പിച്ചു പ്രാർത്ഥിക്കുന്നവർ നിരാശരാകേണ്ടി വരില്ല. അല്ലാഹു (ത), തന്നെ വിളിച്ച് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവരെ, വെറും കൈയോടെ മടക്കുകയില്ല. അത്തരം വ്യക്തികൾ അവരുടെ അഭ്യർത്ഥനകളിൽ പരാജയപ്പെടുകയുമില്ല.

അതുകൊണ്ട് ഉറച്ചവിശ്വാസത്തോടെ വേണം പ്രാർത്ഥിക്കാൻ അല്ലാഹു (ത) നമ്മുടെ അർത്ഥനകൾ കേൾക്കുമെന്നും ഫലം നല്കുമെന്നും നാം ഉറപ്പിക്കണം. നിങ്ങൾ മറ്റൊരാളുടെ കുഞ്ഞിനെ ഒരപകടത്തിൽ നിന്നും രക്ഷപ്പെടുത്തിയാൽ, അയാളും നിങ്ങളോട് സ്നേഹവും അടുപ്പവും കാണിയ്ക്കും. കുട്ടിയുടെ രക്ഷിതാക്കൾ നിങ്ങളോട് നന്ദിയുള്ളവരായിരിയ്ക്കും. രക്ഷിച്ചത് കുട്ടിയെയാണ്; അതിനാൽ തങ്ങൾ നന്ദികാട്ടേണ്ട കാര്യമില്ല, എന്നവർ ചിന്തിക്കില്ല; പറയില്ല. ചുരുക്കത്തിൽ, സ്നേഹത്തിന്റെ പാത അങ്ങനെയാണ്. ഒരാളുടെ ഇഷ്ടവ്യക്തികളോടു കാട്ടുന്ന ഒരു നല്ല കാര്യം അല്ലെങ്കിൽ ഒരു നല്ലവാക്ക് തീർച്ചയായും സ്നേഹത്തിന്റെ വഴിയിൽ നല്ല പ്രതികരണമുണ്ടാക്കും.

ഈ രീതി തീർച്ചയായും പ്രാർത്ഥനയിലും ഉപയോഗിയ്ക്കാവുന്നതാണ്. മനുഷ്യർ പരസ്പരം സ്നേഹിക്കുന്നതിലേറെ അല്ലാഹു (ത) മനുഷ്യരെ സ്നേഹിയ്ക്കുന്നു. സ്നേഹമെന്നത് പര്സപര ബന്ധത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. മനുഷ്യരുടെ സ്നേഹ ബന്ധങ്ങൾ, അതിന്റെ ആദ്യാ- വസാനങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, തികച്ചും നശ്വരമായൊരു കാര്യമാണ്. വ്യക്തികളുടെ സ്നേഹബന്ധങ്ങൾ തീഷ്ണമാണെങ്കിൽക്കൂടി, അതൊരിയ്ക്കലും ദിവ്യസ്നേഹത്തോട് താരതമ്യപ്പെടുത്താനാവുകയില്ല. അല്ലാഹുവിന്റെ സ്നേഹം ശാശ്വതവും എന്നും നിലനില്ക്കുന്നതുമാണ്.

ഒരുചരിത്ര സംഭവം ഇങ്ങനെയാണ്. തിരുനബി (സ) യുദ്ധമുഖത്ത് ആയിരുന്ന സമയം. ശത്രുക്കൾ തുരത്തപ്പെട്ടു. സഹാബാക്കൾ യുദ്ധ തടവുകാരെ ബന്ധനസ്ഥരാക്കുന്നു. പിടിച്ചെടുക്കപ്പെട്ട ശത്രുമുതലുകൾ പങ്കുവയ്ക്കുന്നു. അതിനിടെ ഒരു സ്ത്രീ വളരെ അസ്വസ്ഥയായി, ഓടി നടന്ന് തന്റെ കുഞ്ഞിനെ അന്വേഷിക്കുന്നു. ഏതെങ്കിലും ഒരു കുട്ടിയെ കണ്ടാലുടൻ, ഓടിയടുത്ത്, വാരിപ്പുണർന്ന് തന്റെ കുഞ്ഞുതന്നെയോ എന്നു പരിശോധിക്കും.

ഒരുപാടു നേരത്തെ അന്വേഷണത്തിനൊടുവിൽ, അവർക്ക് കുഞ്ഞിനെ ലഭിച്ചു. അവനെ ചേർത്തുപിടിച്ചു, റോഡിന്റെ ഒരൊഴിഞ്ഞ സൈഡിൽ അവർ ഇരുന്നു. ഈ കാഴ്ച മുഴുവൻ വീക്ഷിച്ച തിരുനബി (സ), തന്റെ അനുചരരെ ഓർമ്മപ്പെടുത്തി : ആ അമ്മ തന്റെ കുഞ്ഞിനെ കാണാതെ എത്ര വിഷമിച്ചുവെന്നും ഉൽകണ്ഠാകുലയായിരുന്നുവെന്നും നിങ്ങൾ കണ്ടില്ലേ ? അല്ലാഹു (ത) തന്റെ ഭക്തദാസരെ ഇതിലേറെ സ്നേഹിക്കുന്നുവെന്നു നിങ്ങളറിയുക. (ബുഖാരി)

**ചുരുക്കത്തിൽ, അല്ലാഹു (ത) വിന്റെ സ്നേഹം മനുഷ്യരുടെ പരസ്പരമുള്ള സ്നേഹത്തെക്കാൾ വളരെ വലുതാണ്. നിങ്ങൾ പ്രശ്നങ്ങൾ നേരിടുമ്പോഴൊക്കെ, പ്രാർത്ഥനയ്ക്ക് ഫലപ്രാപ്തിക്കുവേണ്ടിയുള്ള മാർഗ്ഗങ്ങളിലൊന്ന് മറ്റുള്ളവരുടെ പ്രശ്നങ്ങളോ ദൗർഭാഗ്യങ്ങളോ മാറ്റപ്പെടുന്നതിനുവേണ്ടി പ്രവർത്തിക്കുക എന്നതാണ്. മനുഷ്യരുടെ സ്യഷ്ടാവായ അല്ലാഹു (ത) തീർച്ചയായും അനുകമ്പയോടെ നമ്മെ വീക്ഷിയ്ക്കും.**

മറ്റുള്ളവരുടെ പ്രയാസങ്ങൾ ദൂരീകരിയ്ക്കാൻ നിങ്ങൾക്ക് കഴിയില്ലെങ്കിൽ കൂടി, ശ്രമം നടത്തി നോക്കുക. ഒരാൾ പ്രയാസത്തിലകപ്പെട്ട മറ്റൊരാളെ സഹായിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുമ്പോൾ, അല്ലാഹു (ത) അയാളെ സഹായിക്കും. അയാളുടെ പ്രശ്നങ്ങളെ മാറ്റിയെടുക്കും, മറ്റൊരാളെ സഹായിക്കാനുള്ള അയാളുടെ മനസ്ഥിതിയെ ദൈവം തിരിച്ചറിയുന്നു. ദുആ സ്വീകാര്യതയ്ക്കുള്ള ഒരു മാർഗ്ഗം തന്നെയാണ് മറ്റുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ആത്മാർത്ഥ പരിശ്രമങ്ങൾ. ഏതെങ്കിലും രീതിയിൽ പ്രയാസത്തിൽ വീണുപോയ ഒരു മനുഷ്യനെ സഹായിക്കാൻ പരിശ്രമിക്കുക - അറിയുക, മറ്റുള്ളവരുടെ പ്രയാസങ്ങൾ അകറ്റാൻ എത്രത്തോളം നിങ്ങൾ പരിശ്രമിക്കുമോ, അത്രത്തോളം ദിവ്യസഹായം നിങ്ങളുടെ കാര്യങ്ങളിലും ലഭ്യമാകും. ദൈവത്തിന് നിങ്ങളോടു തോന്നാവുന്ന അനുകമ്പയ്ക്കും സ്നേഹത്തിനും പ്രത്യേകിച്ച് ഫലമൊന്നും ഉണ്ടാവുകയില്ലെന്നു നിങ്ങൾക്കു തോന്നുന്നുവോ ?

ഒരിക്കലും അങ്ങനെ വരില്ല. നിങ്ങളുടെ ശ്രമങ്ങളിൽ വിജയിച്ചില്ല എന്നുവരാം. ചെയ്യാൻ ശ്രമിക്കുന്ന കാര്യങ്ങളിലെല്ലാം വിജയിക്കുകയെന്നത് മനുഷ്യരുടെ കഴിവിൽപ്പെട്ടതല്ല. താനുദ്ദേശിക്കുന്നതൊക്കെ നടപ്പിൽ വരുത്തുകയെന്നത് തമ്പുരാന്റെ മാത്രം അവകാശത്തിൽപ്പെട്ടതാണ്.

അല്ലാഹു (ത) ഒരു കാര്യം ഉദ്ദേശിച്ചാൽ, അത് നടപ്പിൽ വരും. സൃഷ്ടാവും യജമാനനും ആണ് അല്ലാഹു. അവനുദ്ദേശിക്കുന്നതൊക്കെ അവൻ നടപ്പിൽ വരുത്തും. അതുകൊണ്ട് നാം അതനുസരിച്ച് പ്രവർത്തിയ്ക്കണം. പ്രാർത്ഥനയ്ക്കുമുമ്പായി, നബിതിരുമേനി (സ) യുടെ മേൽ ദുരൂദ് ചൊല്ലുക.

സമ്മാനം നല്കാനുള്ള ഒരുമാർഗ്ഗം അവന്റെ പ്രിയപ്പെട്ടവനിലൂടെ നല്കുകയെന്നതാണ്. അല്ലാഹു (ത) വും ഈ മാർഗ്ഗം ഉപയോഗിച്ചിട്ടുണ്ട്. നബി തിരുമേനിയുടെ മേൽ ദുരൂദ് ചൊല്ലി, അല്ലാഹുവിനോട് ദു ആ ചെയ്യുമ്പോൾ ആ ദുആയ്ക്ക് പ്രത്യേകമായ സ്വീകാര്യത ലഭ്യമാകുന്നു. ദൈവകാരുണ്യം ആവിശ്യമില്ലാത്തവരായ് മനുഷ്യരിൽ ആരുണ്ട് ? എല്ലാവർക്കും ദൈവകാരുണ്യം ആവശ്യമുണ്ട്. തങ്ങളുടെ മേൽ വന്നുഭവിക്കുന്ന ദൗർഭാഗ്യങ്ങൾ മാറിപ്പോവാൻ ഏതൊരാളും ദൈവത്തോട് പ്രാർത്ഥിയ്ക്കും. പ്രാർത്ഥനയിൽ, നബിയുടെ മേല് സലാത്ത് /ദുരൂദ് ചൊല്ലുന്നവർ അങ്ങനെ ചൊല്ലിത്തുടങ്ങുന്നത് നല്ലതാണ്. ദുരൂദ് നബിയുടെ ഉന്നതസ്ഥാനത്തെ സൂചിപ്പിക്കുന്നതാണ്; അല്ലാഹു(ത) വിന് ഏറെ പ്രിയങ്കരനായ പ്രവാചകന്റെ മഹോന്നതപദവിയെ ദ്യോതിപ്പിക്കുന്നതാണ്. തീർച്ചയായും പ്രാർത്ഥനയുടെ സ്വീകാര്യത വർദ്ധിപ്പിക്കാൻ നബിയുടെ മേലുള്ള ദുരൂദിന് സാധിക്കും. ഇതിൽ മോശമായിട്ടൊന്നുമില്ല; ഒരാൾക്ക് പ്രിയങ്കരനായവനെ നാം ബഹുമാനിക്കുമ്പോൾ, നമ്മൾ അയാളുടെ കണ്ണുകളിൽ സ്വീകാര്യനാവുന്നതുപോലെയാണത്, ഇൻശാഅല്ലാഹ്. ആമീൻ.

Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

Translated By
**Fazil Jamal**